# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഓഗസ്റ്റ് 12

# വാർത്താക്കുറിപ്പ്

## എം.ജി. സർവകലാശാല പഠനവകുപ്പുകളിൽ പി.ജി.; ഈ വർഷം പ്രവേശന പരീക്ഷ ഒഴിവാക്കി, മാർക്ക് അടിസ്ഥാനം

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മഹാത്മാഗാന്ധി സർവകലാശാല പഠനവകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും പി.ജി. പ്രവേശനത്തിനു നടത്താൻ നിശ്ചയിച്ചിരുന്ന പൊതു പ്രവേശന പരീക്ഷ (ക്യാറ്റ് 2020) ഒഴിവാക്കി. പകരം യോഗ്യത പരീക്ഷയുടെ മാർക്ക് മാനദണ്ഡമാക്കി പ്രവേശനം നടത്തും. ക്യാറ്റ് 2020 ന് അപേക്ഷിച്ചവർ യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്, അനുബന്ധ വിവരങ്ങൾ എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ട തീയതി, വെബ്സൈറ്റ് വിലാസം എന്നിവ പിന്നീട് ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/804/2020)

## മേഴ്സി ചാൻസ് പരീക്ഷ; ഇംഗ്ലീഷിന് 2007 സിലബസ് ബാധകം

ബി.എ, ബി.എസ് സി., ബി.കോം മോഡൽ 1 റഗുലർ കോഴ്സുകളുടെ സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത 2009 അഡ്മിഷനു മുമ്പുള്ള വിദ്യാർഥികൾക്ക് പാർട്ട്- 1 ഇംഗ്ലീഷ് പരീക്ഷയ്ക്ക് 2007 സിലബസ് ബാധകമാക്കി ഉത്തരവായി.

(പി.ആർ.ഒ/39/805/2020)

## അപേക്ഷ തീയതി നീട്ടി

ജൂലൈ 24ന് ഫലം പ്രസിദ്ധീകരിച്ച മൂന്ന്, അഞ്ച്, എട്ട് സെമസ്റ്റർ പഞ്ചവത്സര ബി.എ., ബി.കോം, ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയ്ക്ക് അപേക്ഷിക്കാനുള്ള അവസാനതീയതി ഓഗസ്റ്റ് 21 വരെ നീട്ടി.

ജൂലൈ ഏഴ്, 13 തീയതികളിൽ ഫലംപ്രസിദ്ധീകരിച്ച ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.എ, ബി.കോം., ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന എന്നിവയ്ക്ക് അപേക്ഷിക്കാനുള്ള അവസാനതീയതി ഓഗസ്റ്റ് 18 വരെ നീട്ടി.

(പി.ആർ.ഒ/39/806/2020)

## പൂർവവിദ്യാർഥി സംഗമം ഓൺലൈനിൽ

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിന്റെ പൂർവവിദ്യാർഥി സംഗമം ഓഗസ്റ്റ് 15ന് രാവിലെ 10.15ന് ഓൺലൈനായി സംഘടിപ്പിക്കും. വിശദവിവരം www.smbsmgu.org എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/807/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ